LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. ശ്രീനിവാസൻ ആക്രമിക്കപ്പെട്ട സംഭവം

171 (1913) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ടി.പി. ശ്രീനിവാസനെ കൈയേറ്റം ചെയ്തതു തടയാതെ, നോക്കി നിന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പൗരന് സംരക്ഷണം നല്കാനും ക്രിമിനൽ നടപടികൾ തടയാനും ഉത്തരവാദിത്തവും ചുമതലയും നല്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ, കൺമുമ്പിൽ കുറ്റകൃത്യം നടക്കുമ്പോഴും കാഴ്ചക്കാരായി നിന്ന സ്ഥിതിവിശേഷം ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ശ്രീ. ടി.പി. ശ്രീനിവാസനെ കയ്യേറ്റം ചെയ്തതുമായി ബന്ധപ്പെട്ട് സംഭവ സ്ഥലത്ത് ഉണ്ടായിരുന്ന പോലീസുദ്യോഗസ്ഥരായ കോവളം എസ്.എച്ച്.ഒ. രാകേഷ്, വിഴിഞ്ഞം എസ്.എച്ച്.ഒ. ശ്രീ. ശ്രീകുമാരൻ നായർ, കോവളം പി.എസ്.-ലെ സി.പി.ഒ. മാരായ സതീഷ് കുമാർ (റ്റി 5000), ജോസ് (റ്റി 4926), ശ്രീകുമാർ (റ്റി. 4979) എന്നിവരെ ഒരു വർഷത്തെ പരിശീലനത്തിന് തൃശ്ശൂർ പോലീസ് അക്കാഡമിയിൽ അയയ്ക്കുകയും വകുപ്പുതല വാചകീയ അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്.

ശ്രീ. ജേക്കബ് തോമസ് ഐ.പി.എസ്.-നെതിരെയുള്ള പരാതികൾ

172 (1914) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ജേക്കബ് തോമസ്, ഐ.പി.എസ്. നെതിരെ അന്വേഷണത്തിനായി എത്ര പരാതികൾ ഇതുവരെ ലഭിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പരാതികളിൽ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്;

(സി) അന്വേഷണം നടത്തിയിട്ടുള്ളവയുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഡി) കർണാടകയിൽ വസ്തു വാങ്ങിയതും അതിലെ മരം മുറിച്ചതും സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിന്മേലുള്ള അന്വേഷണ വിവരങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു പാരാതി ലഭിച്ചിട്ടുണ്ട്.

(ബി & സി) ശ്രീ. ജേക്കബ് തോമസ് ഐ.പി.എസ്., മുൻകൂർ അനുമതി വാങ്ങാതെ TKM Institute of Management -ൽ ഡയറക്ടറായി സേവനം അനുഷ്ഠിച്ച് ഹോണറേറിയം കൈപ്പറ്റിയതിനെതിരെ ലഭിച്ച പരാതിയിന്മേൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ AIS (Conduct) Rules-ലെ വ്യവസ്ഥകൾ ലംഘിച്ചതിന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ കാണിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ടിയാന് പൊതുഭരണ വകുപ്പ് 27-1-2016-ൽ നോട്ടീസ് നൽകിയിട്ടുണ്ട്.

(ഡി) പരാതി ലഭിച്ചിട്ടില്ല.

ശ്രീ. സുനീഷ് ജോസഫിനെതിരെ ആക്രമണം

173 (1916) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി ചെയർമാൻ ശ്രീ. സുനീഷ് ജോസഫിനെ ഇക്കഴിഞ്ഞ ഡിസംബർ മാസത്തിൽ ബന്തടുക്കയിൽ വച്ച് ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ പ്രതികൾ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി ബന്ധമുള്ള വരാണോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ബേടകം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 531/15 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അഷ്റഫ് പി. കെ., മുഹമ്മദ് ഹനീഫ എന്നിവരാണ് ടി കേസ്സിലെ പ്രതികൾ.

(സി) പ്രതികൾക്ക് രാഷ്ട്രീയ പാർട്ടിയുമായി ബന്ധമില്ല.